**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം:5469** **28.07.2015- ൽ മറുപടി നൽകേണ്ടിയിരുന്നത്**

**കാസർഗോഡ് ജില്ലയിലെ കൃഷി ഓഫീസർമാരുടെ ഒഴിവുകൾ**

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ.ഇ.ചന്ദ്രശേഖരൻ | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) കാസർഗോഡ് ജില്ലയിൽ എത്ര കൃഷി ഓഫീസർമാരുടെ ഒഴിവു-കളാണുള്ളതെന്ന് ഓഫീസുകൾ തിരിച്ച് വ്യക്തമാക്കാമോ; | (എ) കൃഷിവകുപ്പിൽ കാസർഗോഡ് ജില്ലയിൽ മംഗൽപാടി, പുത്തിഗെ, മടികൈ, കുറ്റിക്കോൽ, ദേലംപാടി, ബെള്ളൂർ, മുളിയാർ, മധൂർ എന്നീ കൃഷിഭവനുകളിൽ കൃഷി ഓഫീസർമാരുടെ ഒഴിവുകൾ ഉണ്ട്. അതിൽ കുറ്റിക്കോൽ, മടികൈ കൃഷിഭവനുകളിലെ കൃഷി ഓഫീസർമാരുടെ ഒഴിവുകളിലേക്ക് നിയമന ഉത്തരവ് നൽകിയിട്ടുമുണ്ട്. |
| ബി) ജില്ലയിൽ നിയമിതരായ ഏതെങ്കിലും കൃഷി ഓഫീസർമാർ വർക്കിംഗ് അറേഞ്ച്മെന്റ് എന്ന നിലയിൽ മറ്റു സ്ഥലങ്ങളിൽ ജോലി ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ഉണ്ട്. കിനാനൂർ കരിന്തളം കൃഷിഭവനിലെ കൃഷി ഓഫീസർ തിരുവനന്തപുരത്ത് സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷനിൽ ജോലിചെയ്തു വരികയാണ്. |
| (സി) ആയത് പ്രസ്തുത പ്രദേശങ്ങളിൽ പ്രയാസങ്ങൾ സൃഷ്ടിക്കുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) കാസർഗോഡ് എം.പി. ശ്രീ.പി.കരുണാകരന്റെ സൻസാദ് ആദർശ് യോജന (SAGY) പദ്ധതി പ്രകാരം കിനാനൂർ കരിന്തളം പഞ്ചായത്തിനെ മാതൃകാ പഞ്ചായത്തായി തെരഞ്ഞെടുത്തതിനാൽ കൃഷി ഓഫീസറുടെ അഭാവം പദ്ധതി നടത്തിപ്പിന് പ്രയാസമുണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) എങ്കിൽ ആയത് പരിഹരിക്കുന്നതിനു എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് പറയാമോ? | (ഡി) കൃഷി ഓഫീസർമാരുടെ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി. റാങ്ക്ലിസ്റ്റ് നിലവിലില്ലാത്തതിനാൽ പ്രസ്തുത ഒഴിവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നികത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നുമുണ്ട്. കിനാനൂർ കരിന്തളം കൃഷിഭവന്റെ കാര്യം പ്രത്യേകമായി പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ